**HADIA CSE Khutba Notes (26.05.2017)**

# നോമ്പ് പ്രസക്തമാകുന്നത്

റമദാനിലെ ഏറ്റവും പ്രധാനപ്പെട്ട ഇബാദത്ത് വ്രതമാണെന്ന് നാം സൂചിപ്പിച്ചു. എന്നാൽ എങ്ങനെയാണ് മനുഷ്യവർഗത്തെ സംബന്ധിച്ചിടത്തോളം വ്രതാനുഷ്ഠാനം സർവകാല പ്രസക്തവും കാലികവുമായി മാറുന്നത്?. നമുക്കറിയാമല്ലോ, ആരംഭകാലം തൊട്ട് നമ്മെ പിടികൂടിയിട്ടുള്ള ഒരു മാനുഷിക ചാപല്യമാണ് ബേജാറും ധൃതിയും അസ്വസ്ഥതയും എടുത്തുചാട്ടവും. ഖുർആൻ വ്യത്യസ്ത ആയത്തുകളിലൂടെ ഇക്കാര്യം ഉണർത്തുന്നുണ്ട്.

خُلِقَ الْإِنسَانُ مِنْ عَجَلٍ سَأُرِيكُمْ آيَاتِي فَلَا تَسْتَعْجِلُونِ (انبياء) وَيَدْعُ الْإِنسَانُ بِالشَّرِّ دُعَاءَهُ بِالْخَيْرِ وَكَانَ الْإِنسَانُ عَجُولًا (اسراء) لَا تُحَرِّكْ بِهِ لِسَانَكَ لِتَعْجَلَ بِهِ إِنَّ عَلَيْنَا جَمْعَهُ وَقُرْآنَهُ فَإِذَا قَرَأْنَاهُ فَاتَّبِعْ قُرْآنَهُ ثُمَّ إِنَّ عَلَيْنَا بَيَانَهُ (القيامة) إِنَّ الْإِنسَانَ خُلِقَ هَلُوعًا إِذَا مَسَّهُ الشَّرُّ جَزُوعًا وَإِذَا مَسَّهُ الْخَيْرُ مَنُوعًا (المعارج) وَلَوْ يُعَجِّلُ اللَّهُ لِلنَّاسِ الشَّرَّ اسْتِعْجَالَهُم بِالْخَيْرِ لَقُضِيَ إِلَيْهِمْ أَجَلُهُمْ فَنَذَرُ الَّذِينَ لَا يَرْجُونَ لِقَاءَنَا فِي طُغْيَانِهِمْ يَعْمَهُونَ (يونس)

قال مجاهد: خلق الله آدم بعد كل شيء من آخر النهار، من يوم خلق الخلائق فلما أحيا الروح عينيه ولسانه ورأسه، ولم يبلغ أسفله قال: يا رب، استعجل بخلقي قبل غروب الشمس (ابن كثير)

ഇന്നത്തെ ചുറ്റുപാട് പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാം, മിക്ക അപകടങ്ങളുടെയും അപായങ്ങളുടെയും പിന്നിലുള്ള മുഖ്യഹേതു ധൃതിയാണ്. അതുകൊണ്ടാണ് അറബികൾ അതിനെ *ഉമ്മുന്നദാമാത്ത്* (ദു:ഖങ്ങളുടെ മാതാവ്) എന്നു വിളിച്ചത്. ആദം(അ) പറഞ്ഞിരുന്നത്രേ!

قال آدم عليه السلام لاولاده « كل عمل نريد ان تعملوه فقفوا له ساعة فانى لو وقفت ساعة لم يكن اصابنى ما اصابنى »

മെല്ലെത്തിന്നാൽ മുള്ളും തിന്നാം എന്ന് നാം മലയാളികൾ പറയുമ്പോൾ More haste less speed എന്നോ Soon ripe soon rotten എന്നോ ആണ് ഇംഗ്ലീഷുകാർ പറയാറുള്ളത്. രണ്ടിന്റെയും ഉദ്ദേശ്യം ഒന്നുതന്നെ (ആമയുടെയും മുയലിന്റെയും ഓട്ടമത്സരം സൂചിപ്പിക്കുക). അറബികൾക്കിടയിൽ ഒരു പ്രയോഗമുണ്ട്: കുതിച്ച് പായുന്ന കുതിര ലക്ഷ്യം കാണുന്നില്ല. മന്ദം മന്ദം നടന്നുനീങ്ങുന്ന ഒട്ടകം ലക്ഷ്യത്തിലേക്കെത്തുന്നു. ഒരു കവി പഠിപ്പിക്കുന്നു:

| | |
|---|---|
| لا تعجلن لامر انت طالبه | فقلما يدرك المطلوب ذو العجل |
| فذو التأنى مصيب فى مقاصده | وذو التعجل لا يخلو عن الزلل |

വേഗക്കാരൻ പലപ്പോഴും ലക്ഷ്യം സാധിക്കുന്നില്ല എന്നാണ് കവി അർഥമാക്കുന്നത്. പൊൻമുട്ടയിടുന്ന താറാവിനെ കൊന്നുകളഞ്ഞ കർഷകന്റെ കഥ നൽകുന്ന സന്ദേശമിതാണ്. തിരുമേനി(സ്വ) പറയുന്നു: *അൽ മുഅ്മിനു വഖാഫുൻ വൽ മുനാഫിഖു വസ്സാബുൻ* (എടുത്ത്ചാടുന്നവൻ). ഒരിക്കൽ അശജ്ജ് എന്ന അനുയായിയെ പ്രശംസിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു:

**HADIA CSE Khutba Notes (26.05.2017)**

## നോമ്പ് പ്രസക്തമാകുന്നത്

عَنْ عُمَارَةَ الْعَبْدِيِّ حَدَّثَنَا أَبُو سَعِيدٍ الْخُدْرِيُّ قَالَ كُنَّا جُلُوسًا عِنْدَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ أَتَتْكُمْ وُفُودُ عَبْدِ الْقَيْسِ وَمَا يَرَى أَحَدٌ فِينَا نَحْنُ كَذَلِكَ إِذْ جَاءُوا فَنَزَلُوا فَأَتَوْا رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَبَقِيَ الْأَشَجُّ الْعَصَرِيُّ فَجَاءَ بَعْدُ فَنَزَلَ مَنْزِلًا فَأَنَاخَ رَاحِلَتَهُ وَوَضَعَ ثِيَابَهُ جَانِبًا ثُمَّ جَاءَ إِلَى رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ لَهُ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَا أَشَجُّ إِنَّ فِيكَ لَخَصْلَتَيْنِ يُحِبُّهُمَا اللَّهُ الْحِلْمَ وَالتُّؤَدَةَ قَالَ يَا رَسُولَ اللَّهِ أَشَيْءٌ جُبِلْتُ عَلَيْهِ أَمْ شَيْءٌ حَدَثَ لِي قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بَلْ شَيْءٌ جُبِلْتَ عَلَيْهِ(ابن ماجة)

പ്രത്യേകിച്ച് ജീവിതത്തിന്റെ സർവമേഖലകളിലും വേഗത വർധിച്ചതോടെ നാം നേരത്തെ പറഞ്ഞ ബേജാറിന്റെ തോത് പിന്നെയും ഒരുപാട് കൂടി. അത് ക്ഷമയും കാത്തിരിപ്പും കുറയാൻ നിമിത്തമായി. ഇവിടെയാണ് നോമ്പിന് പ്രസക്തി വരുന്നത്. ധൃതിയും വേഗതയും വർഗഗുണമാക്കിയ മനുഷ്യനെ അവധാനതയും ക്ഷമയും പഠിപ്പിക്കാനുള്ള മാർഗ്ഗമാണ് നോമ്പ്. കാരണം ക്ഷമയാണ് നോമ്പ്. രണ്ടു പദങ്ങളുടെയും(സൗം, സ്വബ്ർ) അർഥം ഇംസാക്ക്, ഹബ്സ് എന്നാണ്. നോമ്പിനെ അവിടന്ന് വിളിച്ചു: *വസ്സൗമു നിസ്ഫുസ്സ്വബ്ർ* (അഹ്മദ്). രണ്ടിനും കണക്കില്ലാതെ പ്രതിഫലം ലഭിക്കുന്നതാണ്.

قُلْ يَا عِبَادِ الَّذِينَ آمَنُوا اتَّقُوا رَبَّكُمْ لِلَّذِينَ أَحْسَنُوا فِي هَذِهِ الدُّنْيَا حَسَنَةٌ وَأَرْضُ اللَّهِ وَاسِعَةٌ إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُمْ بِغَيْرِ حِسَابٍ (الزمر)

عَنْ أَبِى صَالِحٍ عَنْ أَبِى هُرَيْرَةَ وَأَبِى سَعِيدٍ – رضى الله عنهما – قَالاَ قَالَ رَسُولُ اللَّهِ –صلى الله عليه وسلم– « إِنَّ اللَّهَ عَزَّ وَجَلَّ يَقُولُ إِنَّ الصَّوْمَ لِى وَأَنَا أَجْزِى بِهِ (متفق عليه) عَنْ سُفْيَانَ بْنِ عُيَيْنَةَ، أَنَّهُ فَسَّرَ قَوْلَهُ فِي الصَّوْمِ، قَالَ: " لِأَنَّ الصَّوْمَ هُوَ الصَّبْرُ، يَصْبِرُ الْإِنْسَانُ عَنِ الْمَطْعَمِ وَالْمَشْرَبِ وَالنِّكَاحِ، ثُمَّ قَرَأَ: { إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُمْ بِغَيْرِ حِسَابٍ } [الزمر: 10] يَقُولُ: فثوابُ الصَّوْمِ لَيْسَ لَهُ حِسَابٌ يُعْلَمُ مِنْ كَثْرَتِهِ " قَالَ أَبُو عُبَيْدٍ: " وَمِمَّا يُقَوِّي قَوْلَ سُفْيَانَ الَّذِي يُرْوَى فِي التَّفْسِيرِ فِي قَوْلِهِ: السَّائِحُونَ هُمُ الصَّائِمُونَ، فالصَّائِمُ بِمَنْزِلَةِ السَّائِحِ " (بيهقي)

عن مجاهد : واستعينوا بالصبر والصلاة قال : الصبر : الصيام.

ഒരു മുഅ്മിൻ ക്ഷമാശീലൻ കൂടിയായിരിക്കണം. ഖുർആനിൽ തൊണ്ണൂറോളം സ്ഥലങ്ങളിലാണ് അല്ലാഹു ക്ഷമയെ പരാമർശിക്കുന്നത്.

عن جابر بن عبد الله قال : سئل رسول الله صلى الله عليه وسلم عن الإيمان قال : « الصبر والسماح » (ابن ابي الدنيا) قال علي بن أبي طالب الصبر من الإيمان بمنزلة الرأس من الجسد فإذا انقطع الرأس بار الجسد ألا لا إيمان لمن لا صبر له.

ഒരിക്കൽ തിരുമേനി(സ്വ) അനുയായികളോട് ചോദിച്ചു: നിങ്ങൾ വിശ്വാസികളാണോ? എല്ലാവരും മൗനം പാലിച്ചപ്പോൾ ഉമർ(റ) പറഞ്ഞു: അതെ. അവിടന്ന്: നിങ്ങളുടെ വിശ്വാസത്തിന്റെ അടയാളമെന്താണ്? ഉമർ: സമൃദ്ധിയുണ്ടാകുമ്പോൾ സ്തുതിക്കലും ഇടുക്കമുണ്ടാകുമ്പോൾ ക്ഷമിക്കലും (*തശ്ക്കുറുൻ അലർറഖാ വ തസ്വബ്ബുറുൻ അലൽ ബലാ*). എന്തുകൊണ്ട് വിശ്വാസവും ക്ഷമയും ഒന്നാവുന്നു? വിശ്വാസികളിൽ ദൃശ്യമാവേണ്ട മിക്ക സദ്ഗുണങ്ങളും ഒരർഥത്തിൽ ക്ഷമയാണ്. ചില ഉദാഹരണങ്ങൾ:

ചാരിത്ര്യം (ഇഫ്ഫത്ത്): ഗുഹ്യഭാഗങ്ങൾ തെറ്റിൽ പോവാതെ ക്ഷമിക്കുക.

ധീരത (ശജാഅത്ത്): ശത്രുക്കൾക്ക് മുമ്പിൽ പതറാതെ ക്ഷമിച്ച് നിൽക്കുക.

പരിത്യാഗം (സുഹ്ദ്): ഐഹിക വിഭവങ്ങൾ ആസ്വദിക്കാതെ ക്ഷമിച്ചുനിൽക്കുക. (കൂടുതൽ ഉദാഹരണങ്ങൾക്ക് താഴെ ഖണ്ഡിക നോക്കുക).

**يقول ابن القيم : فإنه ان كان صبرا عن شهوة الفرج المحرمة سمى عفة وضدها الفجور والزنا والعهر وان كان عن شهوة البطن وعدم التسرع إلى الطعام أو تناول مالا يجمل منه سمى شرف نفس وشبع نفس وسمى ضده شرها ودناءة ووضاعة نفس وان كان عن اظهار ما لا يحسن اظهاره من الكلام سمى كتمان سر وضده اذاعة وافشاء أو تهمة أو فحشاء أو سبا أو كذبا أو قذفا وان كان عن فضول العيش سمى زهدا وضده حرصا وان كان على قدر يكفي من الدنيا سمى قناعة وضدها الحرص أيضا وان كان عن اجابة داعى الغضب سمى حلما وضده تسرعا وان كان عن اجابة داعى العجلة سمى وقارا وثباتا وضده طيشا وخفة وان كان عن اجابة داعى الفرار والهرب سمى شجاعة وضده جبنا وخورا وان كان عن اجابة داعى الانتقام سمى عفوا وصفحا وضده انتقاما وعقوبة وان كان عن اجابة داعى الامساك والبخل سمى جودا وضده بخلا وان كان عن اجابة داعى الطعام والشراب في وقت مخصوص سمى صوما.**

**وقد ذكر سعيد بن علي القحطاني أهمية الصبر بقوله:" الصبر يشتمل على أكثر مكارم الأخلاق، فيدخل فيه الحلم، فإنه صبر عن دواعي الانتقام عند الغضب، والأناة: صبر عن إجابة دواعي العجلة، والعفو صبر عن إجابة دواعي الانتقام، والجود والكرم صبر عن إجابة دواعي الإمساك، والكَيْس صبر عن إجابة دواعي الكسل والخمول، والعدل صبر إذا تعلق بالتسوية بين المتماثلين، وسعة الصدر صبر عن الضجر، والكتمان وحفظ السر صبر عن إظهار ما لا يحسن إظهاره، والشجاعة صبر عن إجابة دواعي الفرار، وهذا يدل على أهمية الصبر في الدعوة إلى الله تعالى وأن الداعية لا يسعه أن يستغني عنه في جميع أحواله.**

അപ്പോൾ ഒരാൾക്ക് ക്ഷമ ലഭിച്ചാൽ മിക്ക സദ്ഗുണങ്ങളും അയാൾക്ക് കിട്ടിയെന്ന് വെക്കാം. അവിടന്ന് പ്രഖ്യാപിക്കുന്നു.

**« من يصبر يصبره الله ، ولم يعطوا عطاء خيرا وأوسع من الصبر »**

ഖുർആനിൽ വിശ്വാസികൾക്ക് വാഗ്ദാനം ചെയ്ത മിക്ക പ്രതിഫലങ്ങളും ക്ഷമയോട് ചേർത്തുകൊണ്ടാണ് അല്ലാഹു പറയുന്നത്. ഉദാഹരണത്തിന്,

أُولَئِكَ يُجْزَوْنَ الْغُرْفَةَ بِمَا صَبَرُوا وَيُلَقَّوْنَ فِيهَا تَحِيَّةً وَسَلَامًا (فرقان) وَجَعَلْنَا مِنْهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا لَمَّا صَبَرُوا وَكَانُوا بِآيَاتِنَا يُوقِنُون (سجدة) أُولَئِكَ يُؤْتَوْنَ أَجْرَهُمْ مَرَّتَيْنِ بِمَا صَبَرُوا وَيَدْرَءُونَ بِالْحَسَنَةِ السَّيِّئَةَ وَمِمَّا رَزَقْنَاهُمْ يُنْفِقُونَ (قصص) مَا عِنْدَكُمْ يَنْفَدُ وَمَا عِنْدَ اللَّهِ بَاقٍ وَلَنَجْزِيَنَّ الَّذِينَ صَبَرُوا أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ (نحل) وَتَمَّتْ كَلِمَةُ رَبِّكَ الْحُسْنَى عَلَى بَنِي إِسْرَائِيلَ بِمَا صَبَرُوا (اعراف)

എന്തിന് പറയണം! ഒരു വിശ്വാസിയുടെ സ്വപ്നമായ മഇയ്യത്ത് (ദൈവ സാമീപ്യം) ലഭിക്കുന്നതും ക്ഷമാശീലത്തിലൂടെയാണ് (ബഖറ 153,249 അൻഫാൽ 46,66). ദീനിന്റെ വഴിയിൽ പീഡനങ്ങൾ സഹിക്കേണ്ടി വന്ന യാസിർ കുടുംബത്തെ കാണുമ്പോൾ അവിടന്ന് വിളിച്ചുപറയുമായിരുന്നു:

« صبرا يا أبا ياسر وآل ياسر ، فإن موعدكم الجنة »

ക്ഷമ പഠിക്കാൻ ആഗ്രഹിക്കുന്നവരുടെ മുമ്പിൽ ഖുർആൻ നിരത്തുന്ന ചില ദൃഷ്ടാന്തങ്ങളാണ് അയ്യൂബ് നബി (സയ്യിദുസ്സ്വാബിരീൻ), യഅ്ഖൂബ് നബി(യൂസുഫ് 18,83), ഇസ്മാഈൽ നബി(സ്വാഫാത്ത് 102), യൂസുഫ് നബി(യൂസുഫ് 90). മുൻഗാമികളിൽ പെട്ട രണ്ട് അസാമാന്യ ക്ഷമാശീലരെ കാണുക.

عن سعد بن إبراهيم قال : مروا برجل يوم القادسية ، وقد قطعت يداه ورجلاه ، وهو يضحك ويقول : « مع الذين أنعم الله عليهم من النبيين والصديقين والشهداء والصالحين وحسن أولئك رفيقا » فقيل : ممن أنت رحمك الله ؟ قال : « امرؤ من الأنصار » عن مسعر قال : مر برجل يوم اليمامة وقد نثر قصبه في الأرض ، وهو يقول لبعض من مر به : « ضم إلي منه لعلي أدنو قيد رمح أو رمحين في سبيل الله »

فَكَابَرُوا المَجْدَ حتَّى مَلَّ أكْثَرُهُمْ
وَعانَقَ المَجْدَ مَنْ أوْفى وَمَنْ صَبَرَا
لاَ تَحْسَبِ المَجْدَ تَمْراً أنْتَ آكِلُهُ
لَنْ تَبْلُغَ المْجْدَ حتَّى تَلْعَقَ الصَّبِرَا
لا يُدرِكُ المَجدَ إلاّ سَيّدٌ فَطِنٌ
لِمَا يَشُقُّ عَلى السّاداتِ فَعّالُ
هوَ الدّهرُ فاصبرْ للذي أحدَثَ الدّهرُ
فمن شيمِ الأبرارِ، في مثلها، الصّبرُ
أَلاَ فَاصْبِرْ على الحَدَثِ الجَلِيْلِ
وَدَاوِ جوَاكَ بالصَّبْرِ الجَميلِ
وَلاَ تَجْزَعْ وإنْ أَعْسَرْتَ يوما
فقد أيسرت في الزمن الطويل

HADIA CSE Khutba Notes (26.05.2017)

## നോമ്പ് പ്രസക്തമാകുന്നത്

(വിഷയത്തിന്റെ രണ്ടാം ഭാഗം അടുത്തയാഴ്ച)

ഖുതുബ നോട്ട്സ്


**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in


**For any clarification: 9496445823**

**Visit: www.hadia.in, www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/